

FRIDAY, JULY 8, 2005

THE HINDU

INDIA'S NATIONAL NEWSPAPER SINCE 1878

HORROR IS HOT

STOP POLITICISING AYODHYA ATTACK

SAHARA, BA COME TOGETHER

ROEBUCK ON ASHES SERIES

TERROR ATTACKS STUN LONDON

BRIEFLY

# പ്രവീൺ സ്വാമി: കേട്ട പാതി....

ലേഖനം ● **ഡോ. യാസീൻ അശ്റഫ്**

**ജോർജ്** ബുഷ് പോയി ബറാക് ഒബാമ യു.എസ് പ്രസിഡന്റ് പദവിയിൽ വന്നതോടെ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കപ്പെട്ടിരുന്നെങ്കിലും ഏറെയൊന്നും ഉണ്ടായില്ല. പക്ഷേ, ഒന്നു നടന്നു; പ്രസിഡന്റിന്റെ പ്രസംഗങ്ങളിൽ മുമ്പ് സ്ഥിരമായി കണ്ടിരുന്ന 'ഇസ്‌ലാമിക് ഭീകരത' എന്ന പ്രയോഗം ഇല്ലാതായി. ഭീകരത ഒരു മതത്തോടും ചേർത്തു പറയേണ്ടതില്ലെന്ന തീരുമാനമാണ് കാരണം.

എന്നാൽ ഈ മാറ്റത്തിനു സമാന്തരമായി മറ്റൊന്ന് ഇന്ത്യൻ മാധ്യമരംഗത്ത് സംഭവിച്ചു. ഭീകരപ്രവർത്തനങ്ങളെ ഇസ്‌ലാമുമായി ചേർത്തുപറയുന്നത് ശരിയല്ലെന്ന് മുമ്പ് നിലപാടെടുത്തിരുന്ന ഹിന്ദു പത്രത്തിൽ 'ഇസ്‌ലാമിസ്റ്റ് ഭീകരത'യും 'ജിഹാദീ ഭീകരരും' നിത്യേനയെന്നോണം വന്നു നിറഞ്ഞു. പത്രത്തിന്റെ എഡിറ്റോറിയൽ നിലപാടിനെ സ്വന്തം നിലക്ക് മാറ്റിയെടുത്തത് ഒരൊറ്റയാളാണ്: പ്രവീൺ സ്വാമി. വാർത്തകളിലും അവലോകനങ്ങളിലും മാത്രമല്ല, ഒന്നാം പേജ് തലക്കെട്ടുകളിലും മുഖപ്രസംഗങ്ങളിലും വരെ ഭീകരതക്ക് സ്ഥിരം വിശേഷണമായി 'ഇസ്‌ലാമിസ്റ്റ്' വന്നു.

പത്രത്തിന്റെ നിലപാട് തീർത്തും എതിർദിശയിലേക്ക് മാറ്റാൻ ഒരൊറ്റയാൾക്ക് കഴിഞ്ഞുവെങ്കിൽ ചോദ്യം ഇതാണ്: എന്താണ് ഈ ഒരാൾക്ക് ഇത്ര വലിയ അധികാരം കിട്ടാൻ കാരണം?

ഉത്തരം കിട്ടുക എളുപ്പമല്ലെങ്കിലും, പ്രവീൺ സ്വാമിയുടെ റിപ്പോർട്ടുകൾ അടിസ്ഥാന പത്രപ്രവർത്തന മാനദണ്ഡങ്ങളെ ലംഘിച്ച സന്ദർഭങ്ങളിൽ പോലും എഡിറ്റിംഗ് കൂടാതെ *ഹിന്ദു* അതേപടി

പ്രസിദ്ധപ്പെടുത്തേണ്ടിവന്നു എന്നത് സത്യം. *ഹിന്ദു*വിലെ തന്നെ പരിചയ സമ്പന്നരായ ഒരുപാട് പത്രപ്രവർത്തകർ സ്വാമിയുടെ രീതികളിൽ അസ്വസ്ഥത പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്റലിജൻസ് വൃത്തങ്ങൾ പടച്ചുവിടുന്ന കാര്യങ്ങൾ ഒരു പരിശോധനയും കൂടാതെ പത്രറിപ്പോർട്ടാക്കുന്ന രീതിയെ വിമർശിച്ച് സിദ്ധാർഥ് വരദരാജൻ *ഹിന്ദു*വിൽ തന്നെ കുറിപ്പെഴുതിയിരുന്നു; അതിലെ കുറ്റപ്പെടുത്തലുകൾ ഭംഗ്യന്തരേണ ലക്ഷ്യമിട്ടത് പ്രവീൺ സ്വാമിയെയാണെന്ന് കരുതപ്പെടുന്നു. അടുത്ത കാലത്ത് *ഹിന്ദു* വിട്ട മുതിർന്ന പത്രപ്രവർത്തക ബാംഗ്ലൂരിൽ ഒരു ചടങ്ങിൽ സംസാരിക്കുകയായിരുന്നു. *ഹിന്ദു*വിനെപ്പോലെയുള്ള ഒരു സെക്യുലർ പത്രത്തിൽനിന്ന് പുറത്തുപോന്നത് ശരിയായില്ലെന്ന് ഒരാൾ അഭിപ്രായപ്പെട്ടപ്പോൾ അവരുടെ കമന്റ്: "പ്രവീൺ സ്വാമി ഉണ്ടായിട്ടും താങ്കൾക്ക് *ഹിന്ദു*വിനെ ഇഷ്ടമോ?" കോഴിക്കോട് പത്രപ്രവർത്തകരുമായുള്ള അനൗപചാരിക കൂട്ടായ്മകളിലും *ഹിന്ദു*വിലെ മുൻ ലേഖിക പ്രവീൺ സ്വാമിയെക്കുറിച്ച് ആശങ്കകൾ പങ്കുവെക്കുകയുണ്ടായി. പ്രവീൺ സ്വാമിയുടെ റിപ്പോർട്ടുകളിലെ ശരികേടുകളെപ്പറ്റി അഡ്വ. പ്രശാന്ത് ഭൂഷൺ *ഹിന്ദു* ചീഫ് എഡിറ്റർ എൻ. റാമിന് എഴുത്തയച്ചതായും കേട്ടിരുന്നു. ഓഫീസിനു പുറത്തിറങ്ങി ജനങ്ങൾക്കിടയിൽ ഉണ്ടുമുറങ്ങിയും ജീവിച്ച് യഥാർഥ ജീവിതാവസ്ഥകളെ അനാവരണം ചെയ്യുന്ന പത്രപ്രവർത്തന രീതിയാണ് *ഹിന്ദു*വിലെ പി. സായിനാഥിന്റേത്. മറിച്ച്, ശീതീകൃത മുറിയിലിരുന്ന് ഐ.ബിയുടെയും റോയുടെയും എൻ.ഐ.എയുടെയും 'പ്ലാന്റുകൾ' (പ്രചാരണമുദ്ദേശിച്ച് പത്രങ്ങളിൽ വാർത്തയാക്കാൻ കരുതിക്കൂട്ടി കെട്ടിച്ചമച്ച് നൽകുന്ന വ്യാജ റിപ്പോർട്ടുകൾ) വരെ പകർത്തി കപട ആധികാരികതയോടെ പത്രത്തിനു നൽകുന്ന രീതിയാണ് പ്രവീൺ സ്വാമിയുടേത്. ആദ്യത്തേത് ജനപക്ഷത്തുനിന്നുകൊണ്ട് ഭരണകൂടത്തെയും വ്യവസ്ഥിതിയെയും നിരൂപണം ചെയ്യുന്ന ജേർണലിസം. മറ്റേത് അധികൃതപക്ഷത്ത് നിലയുറപ്പിച്ച്, സർക്കാർ ചെയ്തികളെ ചോദ്യം ചെയ്യാതെ അംഗീകരിച്ച്, മനുഷ്യാവകാശ ലംഘനങ്ങൾക്ക് വാതിൽ തുറന്നുകൊടുക്കുന്ന അപജേണലിസം. രണ്ടിനും മാതൃക *ഹിന്ദു*വാണ്. സായിനാഥ് പത്രത്തിന്റെ യശ്ശസുയർത്തുമ്പോൾ പ്രവീൺ സ്വാമി അതിന്റെ വിശ്വാസ്യതക്ക് അപരിഹാര്യമായ ക്ഷതമേൽപ്പിക്കുന്നു. ഇക്കാര്യം അനേകമാളുകൾ ചൂണ്ടിക്കാണിച്ചിട്ടും പ്രവീൺ സ്വാമി സ്വയം തിരുത്തുന്നതായി കാണുന്നില്ല. തിരുത്താൻ ആരും അയാളെ നിർബന്ധിക്കുന്നില്ല. അതുകൊണ്ടാണ് ചോദ്യം നിരന്തരം ഉയരുന്നത്– ഇദ്ദേഹത്തിന്റെ ഈ സ്വാധീനത്തിന്റെ രഹസ്യമെന്താണ്?

അടുത്ത കാലത്ത് നടന്ന ചില ഭീകരസംഭവങ്ങൾ നോക്കുക. മാലേഗാവ്, അജ്മീർ, മക്കാ മസ്ജിദ്, സംഝോത എക്സ്പ്രസ് തുടങ്ങിയ സ്ഫോടനങ്ങളിൽ സംഘ്പരിവാറിന്റെ പങ്ക് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. മാലേഗാവിൽ തീവ്ര ഹിന്ദുത്വ ഗ്രൂപ്പുകളുടെ പങ്ക് കണ്ടെത്തിയയാളാണ് കൊല്ലപ്പെട്ട ഹേമന്ത് കർക്കരെ. മാലേഗാവ്–അജ്മീർ–ഹൈദരാബാദ് സ്ഫോടനങ്ങളിൽ അഭിനവ് ഭാരത് എന്ന തീവ്ര ഹിന്ദുത്വ സംഘടനയുടെ പങ്കിനെപ്പറ്റി വിവിധ പത്രങ്ങളും തെളിവു സഹിതം എഴുതിയിട്ടുണ്ട്. എന്നാൽ അന്വേഷണമോ പരിശോധനയോ കൂടാതെ 'ജിഹാദിസ്റ്റു'കളുടെ മേൽ കാലേക്കൂട്ടി കുറ്റം ചാർത്തി വെക്കുകയായിരുന്നു പ്രവീൺ സ്വാമി. പലപ്പോഴും സംഭവങ്ങളുടെ ക്രമം ഇപ്രകാരമായിരിക്കും: ഭീകരാക്രമണങ്ങളെപ്പറ്റി 'ഇന്റലിജൻസ്' വൃത്തങ്ങൾ മുന്നറിയിപ്പു നൽകുന്നു. എവിടെയോ സ്ഫോടനം നടക്കുന്നു. തൊട്ടു പിറ്റേന്ന് സകല പ്രതികളുടെയും അവരുടെ ജിഹാദി ബന്ധങ്ങളുടെയും വിശദമായ വിവരങ്ങളോടെ *ഹിന്ദു*വിൽ പ്രവീൺ സ്വാമിയുടെ സമഗ്ര റിപ്പോർട്ട് വരുന്നു. കഥകളെല്ലാം അദ്ദേഹത്തിന്റെ ലാപ്ടോപ്പിൽ തയാർ– സ്ഫോടനം നടക്കുകയേ വേണ്ടൂ; അവ പത്രത്തിനയക്കാൻ.

സംഝോത എക്സ്പ്രസ് തീവണ്ടിക്ക് ആരോ തീവെച്ചു. 68 പേർ വെന്തു മരിച്ചു. 2007 ഫെബ്രുവരി 18–നാണിത്. ന്യൂദൽഹിയിൽ നിന്ന് പാകിസ്താനിലേക്ക് പോവുകയായിരുന്നു വണ്ടി. അടുത്ത *ഫ്രണ്ട്ലൈനിൽ* (വാല്യം 24, ലക്കം4) പ്രവീൺ സ്വാമി, 'സമാധാനത്തിനെതിരെ ഉപജാപം' എന്ന തലക്കെട്ടിൽ എഴുതി: ഇന്ത്യാ–പാക് സൗഹൃദത്തോടുള്ള പാകിസ്താനിലെ ഇസ്‌ലാമിസ്റ്റുകളുടെ വർധിച്ചുവരുന്ന അസഹിഷ്ണുതയാണ് ട്രെയിൻ ബോംബിംഗിനു പിന്നിൽ.

സ്ഫോടനം നടന്ന ഉടനെ ഇത്ര കണിശമായി തീർപ്പു കൽപിക്കാൻ ഒരു പത്രക്കാരന് എങ്ങനെ കഴിഞ്ഞു? പാക് തീവ്രവാദികളോ ഇന്ത്യയിലെ ഏതെങ്കിലും സമുദായക്കാരായ തീവ്രവാദികളോ മറ്റു ബാഹ്യ ഘടകങ്ങളോ ഒക്കെ ആകാൻ സാധ്യതയിരിക്കെ സ്വാമി ഇസ്‌ലാമിസ്റ്റുകളെ പ്രതികളും കുറ്റവാളികളുമാക്കി വിധിച്ചു.

പക്ഷേ, മാസങ്ങൾ കഴിഞ്ഞു. പ്രവീൺ സ്വാമിയുടെ അത്ര വേഗത്തിലല്ലെങ്കിലും അന്വേഷണ

ങ്ങൾ മുന്നോട്ടുപോയി. സംഝോത ട്രെയിൻ ബോംബിംഗിനും മാലേഗാവ് സ്ഫോടനത്തിനും ആവശ്യമായ സ്ഫോടകവസ്തുക്കൾ ശേഖരിച്ചത് ഇന്ത്യൻ സൈന്യത്തിലെ ലഫ്റ്റനന്റ് കേണൽ പി. എസ് പുരോഹിത് ആണെന്ന് വിവരം പുറത്തുവന്നു. പ്രവീൺ സ്വാമി തന്റെ ആദ്യതീർപ്പ് തിരുത്തിയതായറിവില്ല.

2008 നവംബർ 15–ലെ ഒരു റിപ്പോർട്ടിൽനിന്ന്: നാസിക്കിലെ കോടതിയിൽ എ.ടി.എസ് പ്രോസിക്യൂട്ടർ അജയ് മിസാർ സമർപ്പിച്ച സത്യവാങ് മൊഴിയിൽ ആരോപിക്കുന്നത് പുരോഹിതാണ് 60 കിലോഗ്രാം ആർ.ഡി.എക്സ് മാലേഗാവിലേക്കും സംഝോത ട്രെയിൻ സ്ഫോടനത്തിനും വേണ്ടി സംഘടിപ്പിച്ചത് എന്നാണ്.

ഹൈദരാബാദിലെ മക്കാ മസ്ജിദിൽ ബോംബ് സ്ഫോടനം നടന്നത് 2007 മേയ് 18–ന്. 14 പേർ മരിച്ചു. 9 പേർ സ്ഫോടനത്തിലും ബാക്കി 5 പേർ പ്രതിഷേധക്കാരുടെ നേർക്ക് പോലീസ് നടത്തിയ വെടിവെപ്പിലും. എല്ലാവരും നമസ്കരിക്കാനെത്തിയവരായിരുന്നു. വെള്ളിയാഴ്ച നമസ്കാരത്തിന് പതിനായിരം പേർ എത്തിയിരുന്നു.

മേയ് 23–ന് പ്രവീൺ സ്വാമി *ഹിന്ദു*വിൽ വിശദമായ റിപ്പോർട്ട് എഴുതി. 'മക്കാ മസ്ജിദ് സ്ഫോടനത്തിനു പിന്നിൽ' എന്ന തലക്കെട്ടിലുള്ള റിപ്പോർട്ടിൽ എടുത്തു പറഞ്ഞ മുഖ്യ കാര്യം, ഇന്ത്യൻ നഗരങ്ങൾക്കെതിരായ 'ഇസ്‌ലാമിസ്റ്റ്' ഭീഷണി യഥാർഥമെന്ന് തെളിഞ്ഞു എന്നതാണ്. വർഗീയ അക്രമം, സംഘടിത കുറ്റം, ആഗോള ജിഹാദ് എന്നിവ ഹൈദരാബാദിൽ സംഗമിച്ചതാണത്രെ. ലശ്കറെ ത്വയ്യിബയെ നിയന്ത്രിക്കാൻ പാകിസ്താൻ നിർബന്ധിതമായതോടെ മുംബൈ പോലുള്ള വൻ നഗരങ്ങളിൽ അക്രമം കുറഞ്ഞെങ്കിലും ഇസ്‌ലാമിസ്റ്റ് ഭീഷണിക്ക് അറുതിയായിട്ടില്ല. പള്ളികൾക്കു നേരെ അക്രമം നടത്തിയാൽ അത് ഹിന്ദു മൗലികവാദി സംഘടനകൾക്കു മേൽ ചാർത്തപ്പെടുമെന്ന് ഇസ്‌ലാമിസ്റ്റ് ഭീകര ഗ്രൂപ്പുകൾ കരുതുന്നുണ്ടാവണം–ഇങ്ങനെ പോയി സ്വാമിയുടെ സർവജ്ഞ തീർപ്പുകൾ. അക്രമിക്കപ്പെട്ടത് പള്ളി; ഇരയാക്കപ്പെട്ടത് മുസ്‌ലിംകൾ– അപ്പോഴും സ്വാമിയുടെ കണ്ണിൽ കുറ്റം ഇസ്‌ലാമിനു തന്നെ.

അന്വേഷണം നടന്നു. പ്രവീൺ സ്വാമിയുടെ അത്ര ബുദ്ധിയില്ലാത്ത പോലീസും മറ്റും കുറച്ചധികം കാലമെടുത്താണ് സംഭവങ്ങളുടെ ചുരുളഴിച്ചത്. എന്താണ് അവർ കണ്ടെത്തിയത്?

2010 മേയ് 4–ലെ *ഹിന്ദു*വിൽ വന്ന പി.ടി.ഐ റിപ്പോർട്ടിൽനിന്ന്: അജ്മീർ ദർഗയിലും മക്കാ മസ്ജിദിലും നടന്ന സ്ഫോടനങ്ങളുടെ പിന്നിൽ അഭിനവ് ഭാരത് എന്ന ഹിന്ദുത്വ ഗ്രൂപ്പെന്ന് സി.ബി.ഐ. മാലേഗാവ് സ്ഫോടനത്തിലും ഇവർക്ക് പങ്കുണ്ടെന്നതിന്റെ സൂചനകൾ ലഭിച്ചിട്ടുണ്ട്. ദയാനന്ദ് പാണ്ഡെ എന്നയാളാണ് മാലേഗാവ്, അജ്മീർ സ്ഫോടനങ്ങൾ ആസൂത്രണം ചെയ്തതെന്ന് ലഫ്. കേണൽ പുരോഹിത് സമ്മതിച്ചു. പ്രവീൺ സ്വാമി തന്റെ തെറ്റ് ഇതുവരെ സമ്മതിച്ചിട്ടില്ല.

2007 ഒക്ടോബർ 11–നാണ് അജ്മീറിലെ ഖാജാ മുഈനുദ്ദീൻ ചിശ്തി ദർഗയിൽ ബോംബ് പൊട്ടിയത്. മൂന്നു പേർ മരിച്ചു. സന്ധ്യാ പ്രാർഥനക്കെത്തിയവർ നോമ്പ് തുറക്കുമ്പോഴായിരുന്നു സ്ഫോടനം. പ്രവീൺ സ്വാമി തന്റെ തൃക്കണ്ണുകൊണ്ട് എല്ലാം ഉടനെ കണ്ടറിഞ്ഞു. 'സലഫി ഇസ്‌ലാമാ'ണ് ആക്രമണത്തിലെന്ന് ഒക്ടോബർ 13–ലെ *ഹിന്ദു*വിൽ അയാൾ തീർപ്പു നൽകി. റിപ്പോർട്ടിൽ സ്വാമി പറഞ്ഞതിങ്ങനെ: ജനകീയ ഇസ്‌ലാമിന്റെ കേന്ദ്രമായ അജ്മീർ ശരീഫിനോടുള്ള വിരോധം ഇസ്‌ലാമിസ്റ്റ് ഗ്രൂപ്പുകൾ ഒരിക്കലും മറച്ചുവെച്ചിട്ടില്ല. മാലേഗാവിലെ സൂഫി ദർഗക്ക് നേരെ, 2006 ഹൈദരാബാദിലെ മക്കാ മസ്ജിദിനു നേരെ ഇക്കൊല്ലവും ബോംബാക്രമണം നടത്തിയ അവർ ഇപ്പോൾ മൂന്നാം തവണയും അടിച്ചിരിക്കുന്നു. അഖിലേന്ത്യാ തലത്തിൽ വർഗീയ കലാപം ഇളക്കിവിടുകയാണ് ലക്ഷ്യം. 'ഇസ്‌ലാമിസ്റ്റ് നവയാഥാസ്ഥിതികർ' പാരമ്പര്യ മുസ്‌ലിംകൾക്കെതിരെ നടത്തുന്ന പടയൊരുക്കവും ഇതിലുണ്ടെന്ന് സ്വാമി അറിയിച്ചു.

2010 മേയ് ആകുമ്പോഴേക്കും സ്വാമിയുടെ ഈ കഥയും തകർന്നുകഴിഞ്ഞു. 2006–ൽ ലഫ്. കേണൽ പുരോഹിത് സ്ഥാപിച്ച അഭിനവ് ഭാരതിന്റെ പ്രവർത്തകരായ ദേവേന്ദ്ര ഗുപ്തയും ചന്ദ്രശേഖറുമാണ് മറ്റു ചില സ്ഫോടനങ്ങളുടേതെന്ന പോലെ അജ്മീർ സ്ഫോടനത്തിന്റെയും സൂത്രധാരരെന്ന് തെളിഞ്ഞതായി മേയ് 19–ന് പത്രങ്ങൾ റിപ്പോർട്ട് ചെയ്തു. പ്രവീൺ സ്വാമി പക്ഷേ, അന്വേഷണം നേരത്തേ നടത്തി തീർപ്പ് കൽപിച്ചിരുന്നു. അത് തെറ്റാണെന്ന് സമ്മതിക്കുന്നതെങ്ങനെ?

ദൽഹിയിലെ ബട്‌ലാ ഹൗസിൽ രണ്ട് യുവാക്കളുടെ (മുഹമ്മദ് ആതിഫ് അമീൻ, മുഹമ്മദ് സാജിദ്) മരണത്തിനിടയാക്കിയ പോലീസ് 'ഏറ്റുമുട്ടൽ' (2008 സെപ്റ്റംബർ) വ്യാജമായിരുന്നുവെന്ന്

നാട്ടുകാരും ജാമിഅ ടീച്ചേഴ്സ് അസോസിയേഷനും തെളിവുകളുടെ പിൻബലത്തോടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഏറ്റുമുട്ടൽ നടന്ന ഘട്ടത്തിൽ അടുത്തെങ്ങുമില്ലാതിരുന്ന പ്രവീൺ സ്വാമി ഉടനെ *ഹിന്ദു*വിൽ വിശദമായി റിപ്പോർട്ടെഴുതി. പോലീസ് ഭാഷ്യത്തെ ചോദ്യം ചെയ്ത നിഷ്പക്ഷരായ ആളുകളെ കളിയാക്കിക്കൊണ്ടും ദേശീയ സുരക്ഷാ ഉപദേഷ്ടാവ് എം.കെ നാരായണന്റെ പോലീസ് പക്ഷവാദങ്ങളെ ശക്തമായി ന്യായീകരിച്ചും സ്വാമി പിന്നെയുമെഴുതി. മനുഷ്യാവകാശ കമീഷൻ പോലും അത് വ്യാജ ഏറ്റുമുട്ടലല്ലെന്ന് പറഞ്ഞ കാര്യം ചൂണ്ടിക്കാട്ടി തന്റെ നിലപാട് ആവർത്തിച്ചു. എന്നാൽ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ വസ്തുതകൾ ഉണ്ടായിരുന്നു. തൊട്ടടുത്തു വെച്ച് കുട്ടികളുടെ നെറുകയിൽ വെടിവെക്കുകയായിരുന്നു എന്ന് തെളിയിക്കുന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം വെളിപ്പെടുത്തേണ്ടിവന്നു.

ദേശീയ മനുഷ്യാവകാശ കമീഷനെ തുണയാക്കിയാണ് പ്രവീൺ സ്വാമി (അധികൃതരെ പോലെ തന്നെ) സ്വയം ന്യായീകരിക്കുന്നത്. എന്നാൽ കമീഷന്റെ റിപ്പോർട്ട് പോലീസ് റിപ്പോർട്ടുകളുടെ ആവർത്തനം മാത്രമാണെന്ന് പിന്നീട് തെളിഞ്ഞു. നാല് മുതിർന്ന പോലീസുദ്യോഗസ്ഥർ (ഉപാധ്യായ, സതീശ് ചന്ദ്ര, നീരജ് ഠാക്കൂർ, കർണയ്ൽ സിംഗ്) കൊടുത്ത മൊഴികൾ മാത്രമാണ് കമീഷന്റെ 'കണ്ടെത്തലി'ന് പിൻബലം. കുറ്റാരോപിതർ തന്നെ അന്വേഷകരായാൽ? മനുഷ്യാവകാശ കമീഷൻ ഒരിക്കലും സംഭവസ്ഥലം സന്ദർശിച്ചില്ലെന്നും നാട്ടുകാരോട് അന്വേഷിച്ചില്ലെന്നും വിവരാവകാശ നിയമ പ്രകാരം അധികൃതർക്ക് സമ്മതിക്കേണ്ടിവന്നത് ഈയിടെയാണ്.

പക്ഷേ, പ്രവീൺ സ്വാമി ഒന്നാം നാൾ മുതൽ അധികൃതർക്കു വേണ്ടി വക്കാലത്തെടുത്തു. പോലീസിന്റെയോ മനുഷ്യാവകാശ കമീഷന്റെയോ റിപ്പോർട്ടുകൾ വിമർശനബുദ്ധിയോടെ നോക്കാൻ തയാറായില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് പഠിച്ചില്ല. ജാമിഅ അധ്യാപകരോട് അന്വേഷിച്ചില്ല. പോലീസും ഇന്റലിജൻസും പറഞ്ഞതിനപ്പുറം ഒരക്ഷരം എഴുതിയില്ല.

പ്രവീൺ സ്വാമി ആരുടെ ഏജന്റാണ്? വസ്തുതകൾ കണ്ടെത്തി അറിയിക്കുകയാണ് വാർത്താകാരന്റെ ചുമതലയെങ്കിൽ, സ്വാമി ചെയ്യുന്നത് അതല്ല. നേരത്തെ തീരുമാനിച്ചുവെച്ച കഥക്ക് പാകത്തിൽ സംഭവങ്ങളെ വ്യാഖ്യാനിക്കുകയാണദ്ദേഹം. ദൽഹിയിലെ ഡോക്യുമെന്ററി നിർമാതാവും അന്വേഷണാത്മക റിപ്പോർട്ടറുമായ ശുഭ്രദീപ് ചക്രവർത്തി ചൂണ്ടിക്കാട്ടുന്ന പോലെ, സ്വാമി സംഭവങ്ങളെപ്പറ്റി എഴുതുക അവ നേരിട്ടു കണ്ട രീതിയിലാണ്. പരിശോധനയോ ഉറവിടങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തലോ ഇല്ല. ഉറവിടങ്ങളാരുമാകാം-ഇല്ലാതെയുമിരിക്കാം. വാർത്താ റിപ്പോർട്ടിംഗിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ ലംഘിച്ചാണ് സ്വാമി വാർത്തകളെഴുതുന്നത്. അജ്ഞാതരായ ഏതോ ഇന്റലിജൻസ് വൃത്തങ്ങളെ അന്ധമായി വിശ്വസിച്ചും പകർത്തിയും അദ്ദേഹം അസത്യവും അർധസത്യവും പ്രചരിപ്പിക്കുന്നു. അദ്ദേഹം പറഞ്ഞത് സത്യമാണെങ്കിൽ, സമാദരണീയരായ മതപണ്ഡിതരിൽ പലരും ഭീകരരാണ്. അദ്ദേഹം വസ്തുതയേ എഴുതാറുള്ളൂ എങ്കിൽ കൊണ്ടോട്ടി കേരളത്തിലെ ഒരു ജില്ലയാണ്.

'എങ്കിൽ' മാത്രം. പക്ഷേ, സ്വാമി എഴുതുന്നത് വസ്തുതകളല്ല, പ്രചാരണങ്ങളാണ്. അലസനായ പത്രപ്രവർത്തകന്റെ അശ്രദ്ധമായ രചനകളല്ല അദ്ദേഹത്തിന്റേത്. കൃത്യമായ ലക്ഷ്യങ്ങളുള്ള സോദ്ദേശ്യകൃതികളാണവ. അവ മുസ്‌ലിംകളെപ്പറ്റി തെറ്റായ സാമാന്യവത്കരണം നടത്തുന്നു. വർഗീയ ചിന്തകൾക്ക് ഇന്ധനം നൽകുന്നു. വ്യാപകമായ മനുഷ്യാവകാശ ലംഘനങ്ങൾക്ക് പച്ചക്കൊടി കാട്ടുന്നു.

ഇന്ത്യൻ സമൂഹത്തിൽ സ്വാമിയുടെ പ്രചാരണ പ്രധാനമായ റിപ്പോർട്ടുകൾ അതിവേഗം പരക്കുന്ന വിഷമാണ്. *ഹിന്ദു* എന്നല്ല, ഏതു പത്രത്തിനും അദ്ദേഹത്തെപ്പോലുള്ള എഴുത്തുകാർ ഭാരവും ബാധ്യതയുമാണ്. മുൻവിധികളില്ലാതെ, തുറന്ന മനസ്സോടെ അന്വേഷണം നടത്താനുള്ള ആർജവവും, കുറ്റവാളികൾ ആരായാലും ചൂണ്ടിക്കാട്ടാനുള്ള തന്റേടവും, അനാവശ്യമായ സാമാന്യവത്കരണങ്ങളിലൂടെ സ്പർധ വളർത്താതിരിക്കാനുള്ള ദൃഢനിശ്ചയവും സ്വാമിയെപ്പോലുള്ളവർ വീണ്ടെടുത്താൽ അത് പത്രങ്ങൾക്കും നാട്ടിനും നന്ന്. ■

അവലംബം: *ഇസ്‌ലാമിക് വോയ്സ്*, കൗണ്ടർ കറന്റ്സ് ഡോട്ട് ഓർഗ് (2010 ജൂൺ)